സാഹിത്യവാരഫലം

1970/03/15 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1970/03/15-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ശ്രീ. എസ്. കെ. നായരോടു മാപ്പ്; വായനക്കാരോടും

റൊഡാങ്

റൊഡാങ് എന്ന വിശ്വവിഖ്യാതനായ പ്രതിമാനിർമ്മാതാവു കളിമണ്ണുകൊണ്ടു വിക്തർ യൂഗോയുടെ പ്രതിമ നിർമ്മിച്ചു. ഒരു പാറയുടെ സമീപത്തു വയ്ക്കപ്പെട്ടിരുന്ന അതിന്റെ ചുറ്റും കളിമണ്ണുകൊണ്ടുണ്ടാക്കിയ ജലദേവതകൾ വിഹരിച്ചു. ഒരു ദിവസം കാലത്തു പ്രതിമ കാണാൻ ചില കലാസ്വാദകർ എത്തി. റൊഡാങ് അവരെ അതിന്റെ അടുക്കലേയ്ക്കു കൂട്ടിക്കൊണ്ടു ചെന്നു. പക്ഷേ, ഒരു ദുരന്തം സംഭവിച്ചിരുന്നു. സ്റ്റുഡിയോയുടെ മുകൾവശത്തുള്ള ഒരു ജനൽ തുറന്നിട്ടിരുന്നതിനാൽ തലേദിവ

സം പെയ്ത മഴ അകത്തേയ്ക്ക് അടിച്ചുകയറി ദേവതകളാകെ ചെളിക്കെട്ടായി മാറിപ്പോയി. യൂഗോയുടെ പ്രതിമ ആ ചെളിയിൽ പകുതിയോളം മുങ്ങിനില്ക്കുകയാണ്. ഈ കാഴ്ചകണ്ടു സ്തംഭിച്ചുപോയ റോഡാങ്ങിന് എന്തെങ്കിലും പറയാൻ കഴിയുന്നതിനു മുൻപുതന്നെ ആസ്വാദകർ ഉദ്ഘോഷിച്ചുതുടങ്ങി.

> "അഹോ വിസ്മയം! മനോഹരം! നിസ്തുലം! യൂഗോ ചെളിയിൽനിന്ന് ഉയർന്നു നില്ക്കുന്നു. അദ്ദേഹം ജീവിച്ച മലിനമായ കാലഘട്ടത്തെ അങ്ങ് എത്ര ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു! ആ മാലിന്യത്തിൽ നിന്ന് ഉയർന്ന വിശുദ്ധനായ കവിയെ അങ്ങ് എത്ര മനോഹരമായി പ്രദർശിപ്പിച്ചിരിക്കുന്നു!"

'മനോരമ'യിൽ പരസ്യപ്പെടുത്തുന്നതെന്തും നിഷിദ്ധം, 'മാതൃഭൂമി'യിൽ വരുന്നതെന്തും മനോഹരം എന്നൊരു തെറ്റിദ്ധാരണ നമ്മുടെ

ആസ്വാദകരുടെ ഈ പ്രശംസ കേട്ട് റൊഡാങ്ങ് ലജ്ജിച്ചുപോയി. അദ്ദേഹം ചോദിച്ചു; "സത്യമോ?" ആസ്വാദകർ മറുപ

സാഹിത്യാസ്വാദനത്തെ വികലമാക്കിയിട്ടുണ്ട്. വ്യക്തിയേയും വാരികയേയും ആസ്പദമാക്കിയുള്ള ഇത്തരം നിരൂപണം സമഞ്ജസമല്ല.

ടി നൽകി. “അതേ, സത്യം. അങ്ങയുടെ ഈ കലാസൃഷ്ടി ഒരു മാസ്റ്റർ പീസാണ്; മാസ്റ്റർപീസുകളിൽ മാസ്റ്റർപീസ്[1] .” മഹാന്മാരുടെ പ്രവർത്തനമേതും മഹനീയമാണെന്ന സങ്കല്പത്തിൽ നിന്നാണ് ഇത്തരം സ്തുതിവചനങ്ങൾ ഉണ്ടാവുക. മറിച്ചും സംഭവിക്കാം. പ്രശസ്തിയില്ലാത്തവർ ഏതു് ഉത്കൃഷ്ടപ്രവർത്തനത്തിൽ മുഴുകിയാലും അതു് ആദരണീയമാകണമെന്നില്ല. ‘മനോരമ’യിലെ മൂന്നാംതരം പ്രേമകഥകൾ ഉത്തമകഥകളാണെന്നു താങ്കൾ പറയുന്നു.” പ്രശസ്തനായ ഒരു കഥാകാരൻ എനിക്കു് എഴുതിഅയച്ച ഒരു വാക്യമാണിതു്. ‘മനോരമ’യിലെ ഒരു മൂന്നാംതരം പ്രേമകഥയേയും ഞാൻ ഉത്കൃഷ്ടമായ കഥയായി കണ്ടിട്ടില്ല. വല്ല കഥകളും നല്ലതാണെന്നു ഞാൻ എഴുതിയിട്ടുണ്ടെങ്കിൽ അവ ആ വിധത്തിൽ എനിക്കു് അനുഭവപ്പെട്ടതു കൊണ്ടു മാത്രമാണു്. ഇവിടെയാണു പ്രതിമയുടെ മുൻപിൽനിന്ന ആസ്വാദകരെ ഞാൻ കാണുക. ‘മനോരമ’യിൽ പരസ്യപ്പെടുത്തുന്നതെന്തും നിഷിദ്ധം, ‘മാതൃഭൂമി’യിൽ വരുന്നതെന്തും മനോഹരം എന്നൊരു തെറ്റിദ്ധാരണ നമ്മുടെ സാഹിത്യാസ്വാദനത്തെ വികലമാക്കിയിട്ടുണ്ടു്. വ്യക്തിയേയും വാരികയേയും ആസ്പദമാക്കിയുള്ള ഇത്തരം നിരൂപണം സമഞ്ജ

സമല്ല. അതിരിക്കട്ടെ. മറ്റുള്ളവരുടെ കൃതികളെക്കുറിച്ച് അഭിപ്രായം പറയുകയെന്ന ക്ലേശപൂർണ്ണമായ കൃത്യത്തിൽ നമുക്കു പ്രവേശിക്കാം. കഥാകാരന്മാർ പിണങ്ങിയാലെന്ത്? ഇല്ലെങ്കിലെന്ത്? സത്യാന്വേഷണതല്പരതയ്ക്ക് ഒരിക്കലും അവസാനമില്ലല്ലോ.

---

1. മാസ്റ്റർപീസ്—ഉത്കൃഷ്ടകലാശില്പം.

സ്ത്രീകളുടെ കഥകളിൽ പ്രയോജനപരത്വം കൂടിനില്ക്കുമെന്ന് ഈ ലേഖകൻ മുൻപു പറഞ്ഞിട്ടുണ്ട്. അതിനാൽ അവരുടെ കൃതികളിൽ കലാപ്രചോദനം വികസിതാവസ്ഥയിൽ കാണുകയില്ല. പ്രായോഗികചിന്തകളാൽ ഭരിക്കപ്പെടുന്ന അവർ വികാരങ്ങളെ അയഥാർത്ഥീകരിക്കുന്നു. ഈ ദോഷങ്ങൾക്കു ശരിയായ ഉദാഹരണം ലഭിക്കണമെന്നുണ്ടെങ്കിൽ 'ജനയുഗം' വാരികയിൽ (ലക്കം 32) ശ്രീമതി ചെല്ലമ്മ ജോസഫ് എഴുതിയ 'മുക്തി' എന്ന ചെറുകഥ വായിച്ചാൽ മതി, ഭർത്താവിന്റെ വ്യഭിചാരവും മദ്യപാനവും കണ്ടു മനംമടുത്ത ശാരദ പൂർവകാമുകനെ അന്വേഷിച്ചുപോവുകയും അയാളുടെ കരവലയത്തിനുള്ളിൽ 'കുഴഞ്ഞു തളർന്നുവീഴുകയും' ചെയ്യുന്നതിനെ ചിത്രീകരിക്കുകയാണു കഥാകാരി. ഭർത്താവില്ലെങ്കിലും തനിക്കു ജീവിക്കണം, തനിക്കു സ്നേഹിക്ക

ണം എന്ന സ്ത്രീയുടെ പ്രയോജനപരമായ ചിന്തയ്ക്കാണ് ഇവിടെ പ്രാധാന്യം. നൈസർഗ്ഗികത്വമോ ഭംഗിയോ ഈ കഥയ്ക്കില്ല. നമ്മുടെ വൈകാരികജീവിതത്തെ സമ്പന്നമാക്കാത്ത ഒരു കഥയും നമുക്കു വേണ്ട. അതിനാൽ ശ്രീമതി ചെല്ലമ്മ ജോസഫിന്റെ 'മുക്തി' വർജ്ജനീയമാണെന്നു നാം ഉറക്കെപ്പറയുന്നു. ഇവിടെനിന്നു ശ്രീ. അബ്ദുൽഗഫൂറിന്റെ 'എലിക്കെണി'യിലേക്കു പോയാലോ? പ്രതിരൂപാത്മകതയും ഋജുവായ ആഖ്യാനവും വിലക്ഷണമായി സങ്കലനം ചെയ്തിരിക്കുന്ന ഒരു കഥയാണ് അതെന്നു നാം മനസ്സിലാക്കുന്നു. ഒരു ലോഡ്ജിൽ താമസിക്കുന്ന യുവതി അവിടെയുള്ള ഒരു യുവാവുമായി ലൈംഗികവേഴ്ചയിൽ ഏർപ്പെടുന്നതിനെ തന്റേതായ മാർഗ്ഗത്തിലൂടെ ആവിഷ്കരിക്കുകയാണു കഥാകാരൻ. നേരേയുള്ള ആ ആഖ്യാനത്തിൽ പ്രതിരൂപാത്മകത്വവുംകൂടി അദ്ദേഹം വച്ചുകെട്ടുന്നു. ലോഡ്ജിൽ എലിയുടെ ഉപദ്രവമുണ്ട് യുവതി പൂച്ചയെ വളർത്തുന്നത് എലിയെപ്പിടിക്കാനാണ്. പക്ഷേ, അത് എലിയെ തൊടുകയില്ല. യുവാവ് ഒരെലിക്കെണി കൊണ്ടുവന്നു. അതിനകത്തു റൊട്ടിവച്ചു മൂലയിൽ സ്ഥാപിച്ചു. അന്നുരാത്രി യുവതി യുവാവിന്റെ മുറിക്കുള്ളിൽ കയറി സാക്ഷയിട്ടു. എലി കാമോത്സുകതയുടെ പ്രതീകം പൂച്ച അവളുടെ മനഃസാക്ഷി. യുവാവുമായി വേഴ്ചയ്ക്ക് ആഗ്രഹിക്കുന്ന യുവതി മനഃസാക്ഷിയുടെ പ്രേരണകളെ മാനിക്കുന്നില്ലെന്നാണു കഥാ

കാരൻ സൂചിപ്പിക്കുന്നത്. ആശയം കൊള്ളാം. പക്ഷേ, ഒരേ കഥ രണ്ടുതരത്തിൽ പറയുകയാണു ഗഫൂർ. ചെറുകഥയിൽ ഋജുവായ പ്രതിപാദനമാകാം: അല്ലെങ്കിൽ പ്രതിരൂപാത്മകത്വമാകാം. രണ്ടും സങ്കലനം ചെയ്താൽ കഥയുടെ കലാഭംഗി നശിക്കും.

ചെക്കോവ്

അനുഗൃഹീതനായ പങ്കജ് മല്ലിക്ക് പാടുന്നതു ഞാൻ കേട്ടിട്ടുണ്ട്. ഒരു മഹനീയമായ അനുഭവമാണത്. പങ്കജ് മല്ലിക്ക് പാടിക്കഴിഞ്ഞതിനുശേഷം ഒരുവൻ വേദിയിലേയ്ക്കു കയറി 'ക്രോം ക്രോം' എന്നു നിലവിളിക്കാൻ തുടങ്ങിയെന്നു സങ്കൽപ്പിക്ക. അക്രമരാഹിത്യസിദ്ധാന്തം നാം മറന്നു പോകും. മോപ്പസാങ്ങിന്റെയും ചെക്കോവിന്റെയും തോമസ് മന്നിന്റെയും ടാഗോറിന്റെയും താരാശങ്കർ ബാനർജിയുടെയും വൈക്കം മുഹമ്മദുബഷീറിന്റെയും പി. സി. കുട്ടിക്കൃഷ്ണന്റെയും കഥകൾ വായിച്ചു രസിച്ചിട്ടുള്ള നമ്മെ പരുഷശബ്ദംകൊണ്ട്, ദീനരോദനംകൊണ്ട് വേദനിപ്പിക്കുകയാണ് ശ്രീ. കോവിലനും ശ്രീ. ടി. ആറും, മാതൃഭൂമി 49-ാം ലക്കത്തിലെ അവരുടെ ചെറുകഥകൾ അത്രകണ്ടു വേദനാജനകങ്ങളാണ്. വോട്ടറന്മാരുടെ പട്ടികയെക്കുറിച്ച് ഒരു പരാമർശം നടത്തിക്കൊണ്ടു ഭാരതത്തിൽ നിലവിലുള്ള സകല കൊള്ളരുതായ്മകളുടെ

നേർക്കും രോഷം പ്രകടിപ്പിക്കുകയാണ കോവിലൻ. അദ്ദേഹത്തിന്റെ ചെറുകഥയിൽ കഥയില്ല, കഥാപാത്രങ്ങളില്ല; അതിന ശരിയായ ആരംഭമില്ല. അവസാനമില്ല. ഏകാഗ്രത ഇല്ലേയില്ല. പ്രബന്ധത്തിന്റെ സ്വഭാവം ആവഹിക്കുന്ന ഈ ചെറുകഥയുടെ പ്രതിപാദനരീതിക്കുപോലും സഹിക്കാനാവാത്ത കൃത്രിമതയുണ്ട്.

ഭ്രാന്ത് !

ഭ്രാന്തില്ലാത്ത ഓരോ പൗരനും വോട്ടവകാശമുണ്ട്.

തെണ്ടികളോ?

തെണ്ടി പൗരനല്ലേ?

അവന വീടില്ലെങ്കിലോ?

ക്രമനമ്പർ

വീട്ടുനമ്പർ

തറവാട്ട്

പേര്.

ഈ രീതിയിലാണ കോവിലൻ എഴുതുന്നത്. 'ആണോ പെണ്ണോ?' എന്നാണ് അദ്ദേഹത്തിന്റെ കഥയുടെ പേ

ത്. ഉദ്ധരിച്ച ഭാഗത്തിലെ ആദ്യത്തെ വാക്കു പേരായി നൽകുന്നതാണു യുക്തതരം. സ്വപ്നങ്ങളെ കാണിച്ചുതരികയാണ് ടി. ആർ. ('കാലബിന്ദു' എന്ന കഥ.) പക്ഷേ, ദുർഗ്രഹങ്ങളായ പ്രതീകങ്ങൾ അനുവാചകനു പേടിസ്വപ്നത്തിന്റെ പ്രതീതിയുളവാക്കുന്നു. ഈ പേടിയോടുകൂടിയാണു ഞാൻ ശ്രീ. ഗൗതമന്റെ "വണ്ട്" എന്ന കഥ വായിക്കാൻ തുടങ്ങിയതു്. ('മലയാളരാജ്യം ആഴ്ചപ്പതിപ്പ്' ലക്കം 34) ഗൗതമന്റെ ഒന്നുരണ്ടു നല്ലകഥകൾ ഞാൻ മുൻപു വായിച്ചിരുന്നതുകൊണ്ടു് അദ്ദേഹം എന്നെ നിരാശപ്പെടുത്തുകയില്ലെന്നു് ഒരു വിചാരവും എനിക്കുണ്ടായിരുന്നു. എന്നാൽ ആ കഥ വായിച്ചുകഴിഞ്ഞപ്പോഴാണ് അതു പാഴ്വേലയായിപ്പോയി എന്ന സത്യം എനിക്കു മനസ്സിലായതു്. വിവാഹംകഴിച്ച ഒരുവൻ വ്യഭിചരിക്കുന്നതാണു കഥയിലെ വിഷയം. അതിലെ ചില വാക്യങ്ങൾ ഉദ്ധരിക്കാം.

> ഭർത്താവു്: "അയ്യോ അവളതിനു വയസ്സറിയിച്ചിട്ടുപോലുമില്ല."
>
> ഭാര്യ: "എങ്കിലും അടുത്തുതന്നെ അറിയിക്കും."
>
> .....
>
> "അവൾ എഴുന്നേറ്റപ്പോൾ അയാൾക്കു

തോന്നി, ചരക്കു മോശമല്ലല്ലോ.”

.....

“ആ തുടകളുടെ വെളുപ്പും മുഴുപ്പും അയാളെ തികച്ചും പരവശനാക്കി.”

.....

“അവളുടെ സംസാരത്തിനൊത്തു കുലുങ്ങുന്ന മുലകളുടെ മുഴകൾ കണ്ടപ്പോൾ ഇവൾ ബ്രേസിയറിടാത്തതെന്തേ എന്നു മനസ്സിൽ ചോദിക്കുകയായിരുന്നു.”

.....

‘അവളുടെ ചുണ്ടുകൾ കടിച്ചുചവച്ചു. മാറിലെ താമരമൊട്ടുകൾ പിടിച്ചുകശക്കി. തുടകളിൽ നഖക്ഷതങ്ങളുണ്ടാക്കി.’

മാസികവില്പനക്കാർ തങ്ങളുടെ കടയുടെ മുൻപിൽ എടുത്തുതുക്കുകയും പോലീസുകാർ വരുമ്പോൾ എടുത്തൊളിക്കുകയും ചെയ്യുന്ന ചില മാസികകളുണ്ടല്ലോ. അവയിൽ പരസ്യം ചെയ്യാൻകൊള്ളാം ഗൗതമന്റെ കഥ. വിശ്വാസത്തോടെ വീട്ടിലിടാൻ കൊള്ളാവുന്ന ‘മലയാളരാജ്യം’ ആഴ്ചപ്പതിപ്പിൽ ഇത്തരമൊരു കഥ വന്നതു ദുഃഖകരമായിരിക്കുന്നു. ഇതിനു സ്ഥാനം ‘മലയാളരാജ്യം’

വാരികയിലല്ല. പത്രാധിപരുടെ മേശയ്ക്കുതാഴെയിരിക്കുന്ന ചവറ്റുകുട്ടയിലാണ്. ഈ നിഷിദ്ധങ്ങളായ വാക്യങ്ങൾ ഉദ്ധരിച്ച 'മലയാളനാടി'നെ വികൃതമാക്കിയതിനു മാന്യവായനക്കാരോടു മാപ്പു ചോദിക്കുന്നു. പ്രധാനപത്രാധിപരായ ശ്രീ. എസ്. കെ. നായരോടും മാപ്പു ചോദിക്കുന്നു. 'മാതൃഭൂമി'യിൽ വന്ന 'ചതി' എന്ന ചെറുകഥ 'മലയാളരാജ്യം' വീണ്ടും പരസ്യം ചെയ്തിരിക്കുന്നു. വാരികയുടെ അന്തസ്സുകെടുത്തുന്ന ഇത്തരം പ്രവൃത്തികൾക്ക് ഒരു വിരാമമിടണമെന്നാണു വായനക്കാരായ ഞങ്ങളുടെ ആഗ്രഹം. 'മലയാളനാട്ടി'ലെ (ലക്കം 41) 'നീലക്കൊടുവേലി'യും 'മരണത്തിന്റെ പരിഹാസ'വും വായിക്കുമ്പോൾ കഥാകാരന്മാരായ ശ്രീ. അയ്യനേത്തിനോടും ശ്രീ. മുണ്ടൂർ കൃഷ്ണൻകുട്ടിയോടും "ഇതുപോര, ഇതുപോര" എന്നു പറയാൻ തോന്നിപ്പോകുന്നു. പപ്പുട്ടി എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്ന അയ്യനേത്ത് ആധുനിക കഥാകാരന്മാരേയും നിരൂപകന്മാരേയും ഒക്കെ പരിഹസിക്കുന്നു. അദ്ദേഹത്തിന്റെ പരിഹാസമാർഗ്ഗം കൃത്രിമമാണ്. നൈസർഗ്ഗികത്വമെന്ന ഗുണമുണ്ടായാലേ പരിഹാസത്തിനു ശക്തി ലഭിക്കൂ. സഹോദരിയുടെ പ്രസവസമയത്തു ഡോക്ടറെ വിളിച്ചുകൊണ്ടുവരുന്ന സഹോദരന്റെ വെറുപ്പിനെ ആലേഖനം ചെയ്യുന്ന മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ കഥ വിരസമത്രേ. രാഷ്ട്രവ്യവഹാരത്തിലെ കാപട്യം അനാവരണം ചെയ്യുകയാണു ശ്രീ. കല്ലട വാ

സുദേവൻ, (‘ഭ്രാന്തൻ എന്ന ചെറുകഥ-‘കുങ്കുമം ലക്കം 25). ഭർത്താവിന്റെ കഴിവുകേടും കാമുകന്റെ കഴിവും ചിത്രീകരിക്കുന്ന ശ്രീ. ഗോപി പഴയന്നൂർ. (‘മരുഭ്രമിയിൽ ഒരു വസന്തം; എന്ന ചെറുകഥ). കലാപരമായ അനിവാര്യത—artistic inevitability—എന്നൊരു ഗുണത്തെക്കുറിച്ച് ഇംഗ്ലീഷ് നിരൂപകർ പറയാറുണ്ട്. ആ ഗുണമുണ്ടായിരുന്നെങ്കിൽ ഈ രണ്ടു ചെറുകഥകൾക്കും ആകർഷകത്വം ലഭിക്കുമായിരുന്നു.

പി. ഭാസ്കരനുണ്ണി

ശ്രീ. പി. ഭാസ്കരനുണ്ണിയുടെ ‘പ്രണയമെന്ന മൗലികാവകാശം’ (‘കുങ്കുമം’ വാരിക) ഹൃദ്യമായ ഒരു സംഭാഷണമാണ്. ലളിതമായി, നർമ്മഭാസുരമായി അദ്ദേഹത്തിന് ആശയമാവിഷ്കരിക്കാൻ കഴിയും. അദ്ദേഹത്തിന്റെ വാക്കുകൾക്ക് ഒരു മാന്ത്രികപ്രഭാവമുണ്ട്. ‘ആധുനിക ചെറുകഥാസാഹിത്യത്തിലെ ജീർണ്ണത’യെക്കുറിച്ച് ശ്രീമതി പി. ആർ. ശ്യാമള വിദഗ്ധമായി ഉപന്യസിക്കുന്നു. യോനസ്സോയുടെയും ഗ്രന്തർഗ്രസ്സിന്റെയും വിലക്ഷണങ്ങളായ കൃതികൾ വായിച്ചുകൊണ്ട് അത്യന്താധുനികസാഹിത്യം രചിക്കുന്ന ഇവിടത്തെ കഥാകാരന്മാരെ ശ്യാമള അവർ അർഹിക്കുന്ന വിധത്തിൽത്തന്നെ വിമർശിക്കുന്നു. ചെറുകഥാസാഹിത്യത്തിന്റെ മുകളിൽ ശവകുടീരം പണിയു

ന്ന അത്യന്താധുനികർ ശ്യാമളയുടെ പ്രബന്ധം വായിച്ചുനോക്കിയിട്ട് സ്വയം ചിന്തിക്കണം. ഈ ലേഖകൻ ശ്രീ. ആർ. കെ. നാരായണന്റെ ആരാധകനല്ല. കാരണം നാരായണൻ ഒരു "സൂപ്പർജേർണ്ണലിസ്റ്റ്" മാത്രമാണെന്നതാണ്. എങ്കിലും ശ്രീ. ഈ. വാസുവിന്റെ ലേഖനം (മലയാളനാട്ട്) ഞാൻ താൽപര്യത്തോടെ വായിച്ചു. പനയന്നാർക്കാവിന്റെ മുൻപിൽ ഭക്തിയോടെ നില്ക്കുന്ന ശ്രീ. നാലാങ്കലിനെയും കാഷ്മീറിന്റെ സൗന്ദര്യം ആസ്വദിക്കുന്ന ശ്രീ. മല്ലകത്ത് ചെല്ലപ്പൻപിള്ളയേയും "മലയാളരാജ്യ"ത്തിൽ കാണാം. ബോംബേനഗരത്തിന്റെ സവിശേഷതയെക്കുറിച്ച് ശ്രീ. പാപ്പനംകോട്ടു പ്രഭാകരനും ദാന്തേ, ജോയിസ്, പാസ്റ്റർനാക്ക് എന്നിവരുടെ ജന്മസ്ഥലങ്ങളെക്കുറിച്ച്, ശ്രീ. കെ. വി. രാമകൃഷ്ണനും 'മാതൃഭൂമി'യിലെഴുതിയിരിക്കുന്ന പ്രബന്ധങ്ങൾ വായനക്കാർക്ക് വിജ്ഞാനം പകർന്നുകൊടുക്കുന്നു. അന്തരിച്ചുപോയ ശ്രീ. ആർ. സുഗതനെ എനിക്കു നേരിട്ടറിയാമായിരുന്നു. അദ്ദേഹത്തോട് എനിക്കു സ്നേഹമാണ്, ബഹുമാനമാണ്. ഒന്നിലും അത്യുക്തി പാടില്ലല്ലോ. അതുകൊണ്ട് അത്യുക്തികൂടാതെ പറയട്ടെ. സുഗതനെപ്പോലെ വിശുദ്ധനായ വേറൊരാളിനെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ അവസാനത്തെ നിമിഷങ്ങളെക്കുറിച്ച് ശ്രീ. കാമ്പിശ്ശേരി കരുണാകരൻ 'ജനയുഗം' വാരികയിലെഴുതിയിരിക്കുന്ന ലേഖനം വായിച്ച് ഞാൻ കണ്ണീർ പൊ

ഴിച്ചു. അത്രയ്ക്ക് ആർദ്രീകരണശക്തി അതിനുണ്ട്. സുഗതനവർകൾ വാസനാസമ്പന്നനായ കവിയാണെന്ന് ഞാൻ മനസ്സിലാക്കുന്നത് ശ്രീ. തിരുനല്ലൂർ കരുണാകരന്റെ ലേഖനം വായിക്കുമ്പോഴാണ്. അദ്ദേഹമുദ്ധരിക്കുന്ന കവിത എത്ര ഹൃദ്യം!

> "മാമല മുത്തപ്പൻ മൂടൽമഞ്ഞേറ്റേറ്റു
> പൂമരം പോലെ വെളുത്തുപോയി
> അപ്പൂപ്പൻതാടികൊണ്ടായിരമായിരം
> പാക്കപ്പൽ തീർത്തവ നീങ്ങും പോലെ
> വെൺമേഘപാളികൾ നീലമലമേലേ
> പൊൻപുലർകാറ്റിലിളകിയോടി."

സുഗതനവർകളുടെ നിർമ്മലമായ ഹൃദയംപോലെ ഈ കാവ്യഭാഗവും നിർമ്മലമായിരിക്കുന്നു. ശ്രീ. എൽ. പ്രതാപവർമ്മ, ശ്രീ. ഏ. പി. പി. നമ്പൂതിരി, എന്നിവരാണ് ഈ ആഴ്ചയിൽ ഗ്രന്ഥങ്ങളുടെ മൂല്യം നിർണ്ണയിക്കുന്നത്. അവരുടെ അഭിപ്രായമെന്തുമാകട്ടെ. ആശയങ്ങൾ ആകർഷകമായിരുന്നാൽ മതി. ആ ആകർഷകത്വം നല്കാൻ ഈ നിരൂപകർക്ക് അറിയാം! അതുകൊണ്ട് നാം അവരുടെ ലേഖനങ്ങൾ വായിക്കും.

മനോഹരമായ ഒരു ഗ്രാമപ്രദേശത്തു നിങ്ങൾ ചെന്നുവെന്നു വിചാരിക്കുക. അവിടെ അത്യന്തസുന്ദരിയായ ഒരു ഗ്രാമപ്പെൺകൊടി നിങ്ങളെക്കണ്ടതിലുള്ള ലജ്ജാ

വൈവശ്യത്തോടെ കാട്ടുചെടികൾക്കിടയിലൂടെ ഓടിയൊളിച്ചുവെന്നും സങ്കല്പിക്കുക. ആ ദൃശ്യം കാണുന്ന നിങ്ങൾക്ക് എന്തുതോന്നും? നിങ്ങൾക്ക് എന്തുതോന്നുമോ അതാണ് എനിക്കു ശ്രീ. വെണ്ണിക്കുളത്തിന്റെ "ഈ വഴി" എന്ന കാവ്യം മാതൃഭൂമിവാരികയിൽ വായിച്ചപ്പോൾ തോന്നിയത്, എന്തൊരാകർഷകത്വം! എന്തൊരു ശാലീനത! അത്യന്താധുനികർ കവിതയെന്നപേരിൽ ഇരുമ്പുലാത്തിയെടുത്തു നമ്മുടെ തലയിൽ അടിക്കുമ്പോൾ വെണ്ണിക്കുളം ഇതുപോലെ ഹൃദയസ്പർശകമായി വല്ലപ്പോഴുമെങ്കിലും പാടട്ടെ. വെണ്ണിക്കുളത്തിനോടൊത്തു പാടാൻ ശ്രീ. യൂസഫലി കേച്ചേരിയും (മാതൃഭൂമി) ശ്രീ. തകഴി ശങ്കരനാരായണനും ഉണ്ട്. (മലയാളനാട്). അവർക്കു കൂട്ടുകാരായി ശ്രീ. കരീപ്ര വിക്രമൻനായരേയും ശ്രീ. ജനാർദ്ദനം പുരുഷോത്തമനേയും മലയാളരാജ്യം വാരികയിൽ കാണാം. കാവ്യപ്രചോദനമാർന്ന കവികളാണ് ഇവർ നാലുപേരും. കവിത വൃത്തത്തിനൊപ്പിച്ച് എഴുതുന്നതിലും അച്ചടിക്കുന്നതിലും ഒരു ഉദ്ദേശ്യമുണ്ട്. സുശ്ലരാവൃത്തത്തിലെഴുതിയ ഒരു മനോഹരമായ ശ്ലോകത്തെ ഇരുപത്തിയൊന്നക്ഷരമെന്ന മട്ടിൽ വരിതിരിച്ച് അച്ചടിക്കാതെ ഗദ്യത്തിന്റെ രൂപത്തിൽ അച്ചടിച്ചുവയ്ക്കുക. ആ ശ്ലോകത്തിന്റെ സൗന്ദര്യം മുഴുവൻ പോകും. കവിത അതിന്റെ രീതിയിൽ അച്ചടിക്കപ്പെടുമ്പോൾ അതു വായിക്കാനുള്ള ഒരു മാന

സികാന്തരീക്ഷം അനുവാചകനുണ്ടാകും. ഇത് ഇല്ലാതെയാക്കാനേ ഉപകരിക്കുന്നുള്ളൂ. ജനയുഗം വാരികയിൽ കവിത അച്ചടിക്കുന്ന പുതിയ രീതി.

എത്ര വേഗത്തിലാണു ഞാൻ ഈ ലേഖനം എഴുതുന്നത്! ഇതിലെ പല വാക്യങ്ങളും മാറ്റിയെഴുതേണ്ടതാണെന്ന് എനിക്കറിയാം. അങ്ങനെ പ്രവർത്തിക്കാൻ സമയം കിട്ടിയിരുന്നെങ്കിൽ ചാരുതയുണ്ടായേനെ. എന്റെ ഈ ശീഘ്രത ക്ഷന്തവ്യമാണ്. പക്ഷേ, നമ്മുടെ കലാകാരന്മാരുടെ ശീഘ്രത ക്ഷന്തവ്യമല്ല. പണ്ടാരോ ഒരു ചെറിയ പെട്ടിയുണ്ടാക്കാൻ ഒരു വനത്തിലെ തടി മുഴുവൻ മുറിച്ചുകൊണ്ടുവന്നു എന്നൊരു കഥ കേട്ടിട്ടുണ്ട്. വാക്കുകളാകുന്ന തടികൾ ശേഖരിച്ചശേഷം അവയിൽ നിന്ന് പ്രഗത്ഭമായ ഒരു തിരഞ്ഞെടുപ്പു നടത്തണം നമ്മുടെ കവികളും കഥാകാരന്മാരും. അപ്പോൾ കലാസൃഷ്ടികൾക്കു കൂടുതൽ ഭംഗി ലഭിക്കും.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പു വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്ക കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.



1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്ന കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യവാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പത്തു മുതൽ നാല്പത്തു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.